ഉത്തരം

(എ) പള്ളിക്കത്തോട് പഞ്ചായത്തിനു മാത്രമായി ഇപ്രകാരമുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ ഈ പഞ്ചായത്തിലെ 6-ാം വാർഡിലെ ഒരു ചെറിയ പ്രദേശം ഒഴികെയുള്ള 1 മുതൽ 8 വരെയുള്ള വാർഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആനിക്കാട് വില്ലേജും സമീപ വില്ലേജുകൾക്കുമായി ഒരു ശുദ്ധജലവിതരണ പദ്ധതിയ്ക്ക് രൂപം നൽകി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) 1510 ലക്ഷം രൂപ.

(സി) എൽ.ഐ.സി.യുടെ ധനസഹായത്താൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

39 (948) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നൊഴുകുന്ന മലിനജലം ശുദ്ധീകരിക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നൊഴുകുന്ന മലിനജലം ശുദ്ധീകരിക്കാൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി ഉത്തരമേഖലാ ചീഫ് എൻജിനീയർ ഇത് സംബന്ധിച്ച് അയച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി)കോഴിക്കോട് മെഡിക്കൽകോളേജ് ബിവറേജ് സംവിധാനം ദീർഘകാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ മലപ്പുറം ഐ.പി.ഡി.വിഭാഗം 650 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കി അതിന്റെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചത് സർക്കാരിന്റെ പരിശോധനയിലാണ്.

2000-2001 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസിലിനോടൊപ്പം ഇത് സംബന്ധിച്ച ഒരു നിർദ്ദേശം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭിച്ചത് പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly